# <u>ക്ഷീരവികസന വകുപ്പ്</u>

## <u>മികച്ച ക്ഷീരകർഷകർക്കുള്ള ക്ഷീരസഹകാരി അവാർഡും മികച്ച ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ഡോ.വർഗ്ഗീസ് കുര്യൻ അവാർഡിനുമുള്ള അപേക്ഷകൾ ക്ഷണിക്കുന്നു</u>

## <u>പ്രസിദ്ധീകരണത്തിന്</u>

കേരളത്തിലെ ക്ഷീരമേഖല സ്വയംപര്യാപ്തത കൈവരിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ക്ഷീരവികസന വകുപ്പിന്റെ 2023-24 വാർഷിക പദ്ധതിയായ സംസ്ഥാന ക്ഷീരകർഷക സംഗമം - **പടവ് 2024** ഫെബ്രുവരി മാസം 16, 17 തീയതികളിലായി **ഇടുക്കി** ജില്ലയിലെ **അണക്കര**യിൽ വച്ച് നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. പ്രസ്തുത പരിപാടിയുടെ ഭാഗമായി 2022-2023 സാമ്പത്തിക വർഷത്തെ പ്രവർത്തന മികവിന്റെ പശ്ചാത്തലത്തിൽ ക്ഷീരകർഷകർക്ക് സംസ്ഥാനം, മേഖല, ജില്ല അടിസ്ഥാനത്തിൽ ജനറൽ, വനിത, SC, ST വിഭാഗത്തിൽ ഉൾപ്പെട്ട ക്ഷീരകർഷകരെ തെരഞ്ഞെടുക്കുന്നതിനുള്ള **"ക്ഷീരസഹകാരി അവാർഡ്"** - അപേക്ഷകൾ ക്ഷണിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന 52 ക്ഷീരകർഷകർക്ക് ബഹുമതി പത്രവും ക്യാഷ് അവാർഡും നൽകുന്നു.

2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തന മികവിന്റെ ഭാഗമായി കേരളത്തിലെ ഏറ്റവും മികച്ച **അപ്കോസ് /നോൺ ആപ്കോസ്** ക്ഷീരസംഘങ്ങളെ തെരെഞ്ഞെടുക്കുന്നതിനുള്ള **"ഡോ.വർഗ്ഗീസ് കുര്യൻ അവാർഡ്"** നൽകുന്നതിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. പ്രസ്തുത വിഭാഗത്തിൽ തെരഞ്ഞെടുക്കുന്ന ക്ഷീരസഹകരണ സംഘങ്ങൾക്ക് ബഹുമതി പത്രവും ക്യാഷ് അവാർഡും നൽകുന്നു.

ഇത് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടേണ്ടതാണ്. തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് പടവ് - 2024-ന്റെ വേദിയിൽ വച്ച് അവാർഡുകൾ വിതരണം ചെയ്യുന്നതാണ്